**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ഗ്രാമപഞ്ചായത്തുകളിൽ സാങ്കേതിക വിദഗ്ധ സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ(സാധാ) നം.1423/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:09.07.2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. സ.ഉ.(സാധാ) നം.3095/2014/തസ്വഭവ തീയതി 26.11.2014.
2. സ.ഉ.(സാധാ) നം.821/2016/തസ്വഭവ തീയതി 25.02.2016.
3. സ.ഉ.(സാധാ) നം.1006/2016/തസ്വഭവ തീയതി 02.03.2016.
4. പഞ്ചായത്ത് ഡയറക്ടറുടെ 14.06.2016, 25.09.2018 തീയതികളിലെ സി6-27417/2015 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 12(13) പ്രകാരം കെട്ടിടത്തിന്റെ സംരക്ഷണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, നഷ്ടപരിഹാരം എന്നിവ പരിശോധിക്കുന്നതിനായി പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായും അതാത് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധി കയ്യാളുന്ന തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ് വിംഗ്) വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സ്ട്രക്ചറൽ എഞ്ചിനീയറിംഗ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഓരോ വിദഗ്ധരും ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് പരാമർശം (1),(2),(3) എന്നിവ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമയപരിധി കഴിഞ്ഞതുകൊണ്ടും സൂക്ഷ്മപരിശോധനയിൽ പ്രസ്തുത ഉത്തരവുകളിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ജില്ലകളിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസരവാസികൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, സംരക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, നഷ്ടപരിഹാരം എന്നിവ വിലയിരുത്തുന്നതിനായി 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 12(13) പ്രകാരം അതാത് ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി കൺവീനറായും തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ് വിംഗ്) വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും സ്ട്രക്ചറൽ എഞ്ചിനീയറിംഗ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ താഴെച്ചേർക്കുന്ന പട്ടികയിലെ അതാത് ജില്ലകൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള

(തുടർച്ച.....2)

സ്ഥാപനങ്ങളിലെ വിദഗ്ധരും അംഗങ്ങളായും വിദഗ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | സ്ട്രക്ചറൽ എഞ്ചിനീയറിംഗ് എക്സ്പർട്ട് (അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത റാങ്കുള്ള അദ്ധ്യാപകൻ) | ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് എക്സ്പർട്ട് (അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത റാങ്കുള്ള അദ്ധ്യാപകൻ) |
|---|---|---|---|
| 1 | തിരുവനന്തപുരം | സി.ഇ.റ്റി., തിരുവനന്തപുരം | സി.ഇ.റ്റി., തിരുവനന്തപുരം |
| 2 | കൊല്ലം | ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം സി.ഇ.റ്റി., തിരുവനന്തപുരം) | ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം സി.ഇ.റ്റി., തിരുവനന്തപുരം) |
| 3 | പത്തനംതിട്ട | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 4 | ആലപ്പുഴ | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 5 | കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം |
| 6 | ഇടുക്കി | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി (ഈ സ്ഥാപനത്തിൽ വിദഗ്ധൻ ഇല്ലാത്തപക്ഷം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) |
| 7 | എറണാകുളം | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 8 | തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 9 | പാലക്കാട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ |
| 10 | മലപ്പുറം | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് |
| 11 | കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് |
| 12 | വയനാട് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 13 | കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |
| 14 | കാസർഗോഡ് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ |

(തുടർച്ച........3)

വിദഗ്ധ സമിതി ചേരേണ്ട ആവശ്യം വരുന്ന സാഹചര്യത്തിൽ കമ്മറ്റി കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അതാത് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പ്രസ്തുത സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരുമായി കൂടിയാലോചിച്ച് വിഷയ വിദഗ്ധരെ നിർദ്ദേശിക്കേണ്ടതാണ്.

ഇതേ ആവശ്യത്തിനായി 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 12(13) പ്രകാരം നാളിതുവരെ രൂപീകരിച്ചിട്ടുള്ള എല്ലാ വിദഗ്ധ സമിതികളും ഈ തീയതി മുതൽ അസാധുവാകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**കെ.ഗോപാലകൃഷ്ണ ഭട്ട്**
സെക്രട്ടറി

പകർപ്പ്:

1. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം. (ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.)
4. പ്രിൻസിപ്പൽ, സി.ഇ.റ്റി., തിരുവനന്തപുരം.
5. പ്രിൻസിപ്പൽ, ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം.
6. പ്രിൻസിപ്പൽ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
7. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
8. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.
9. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
10. പ്രിൻസിപ്പൽ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.
11. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ